# പള്ളികഥകൾ

## മിനികഥകൾ അറുപത്തി അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഒരു കൊച്ചച്ചന്റെ കഥയാണിന്ന് പറയാൻ പോകുന്നത്. വളരെയധികം വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ സംഭവിച്ചതാണിതെന്നാണ് പറഞ്ഞത്. അന്ന് അമേരിക്കയിൽ എല്ലാം കൂടെ വളരെ ചുരുക്കം പള്ളികളേ സഭയ്ക്കുണ്ടായിരുന്നുള്ളു. ഈ എല്ലാ പള്ളികൾക്കും കൂടെ ഒരു മെത്രാച്ചനും. അക്കാലത്ത് ഒരച്ചനെ കിട്ടുകയെന്നതും വളരെ പ്രയാസമുള്ള കാര്യമായിരുന്നു.

# കൊച്ചച്ചൻ

കേരളത്തിലെ വളരെ പുരാതനമായ ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു പത്രോസ് ജനിച്ചതും വളർന്നതും. ഗ്രാമഭംഗിയുടെ സൗകുമാരവും സൗരഭ്യവും നിറഞ്ഞ ഒരു വ്യക്തിത്വത്തിനുടമയായിരുന്നു അയാൾ. ആറടി ചില്ല്വാനം പൊക്കവും അതിനുതക്ക നെഞ്ചുവിരിവും. കൂടാതെ അമേരിക്കയിലെ വെളുമ്പന്മാർ കൊതിക്കുന്ന സ്വർണ്ണനിറവും. അമേരിക്കയിലെ വെളുമ്പന്മാർ ദീർഘകാലം ഓയിലും പുരട്ടി ബീച്ചുകളിൽ പോയി മലർന്നും കമിഴ്ന്നും കിടന്നാൽ കിട്ടുന്നതാണ് ഈ നിറം.

പാലയേട്ട് കുടുംബത്തിലെ പാപ്പച്ചൻ മറിയാമ്മയുടെ ത്രിതീയ പുത്രനാണ് നമ്മുടെ കഥാപാത്രം പത്രോസ്. ജന്മനാ ജീവിത വിശുദ്ധി നേടിയവൻ. മത്സ്യ മാംസ ഭൂജിതനല്ലവൻ. ആരോടും വളരെ സൗമ്യമായി ഇടപെടുന്ന സൗമ്യശീലനവൻ. പഠിക്കാൻ അതിമിടുക്കൻ. കായിക കലാരംഗങ്ങളിലും മോശമല്ലവൻ. മാസ്റ്റേഴ്സ് ബിരുദം ഇംഗ്ലീഷിൽ കരസ്ഥമാക്കിയപ്പോൾ ദൈവവിളിയുണ്ടായി.

ആ സമയത്ത് അവിടെ പള്ളിയിൽ വന്ന അവരുടെ മെത്രാച്ചന് അവനെ വളരെ ഇഷ്ടമായി. അവന്റെ വീട്ടിൽ പോയി അല്പ സമയം ചെലവഴിച്ചപ്പോൾ, അവനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിഞ്ഞപ്പോൾ, അവനെ സഭയ്ക്കു വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സഭയിലെ ഒരു മെത്രാച്ചൻ നേരിട്ട് ആ ഗ്രാമപ്രദേശത്തെ ഒരു ഭവനത്തിൽ വന്ന് ഒരാളെ സഭയ്ക്കുവേണ്ടി ചോദിച്ചപ്പോൾ കൊടുക്കാതിരിക്കാൻ അവർക്ക് വയ്യാതായി. കോളേജിൽ നിന്നും നേരിട്ട് സെമിനാരിയിൽ പോകുകയായിരുന്നു. ഒരു ദിവസം പോലും മെത്രാച്ചന്റെ കൂടെ അരമനയിൽ നിന്നില്ല.

പഠിക്കാൻ വളരെ താല്പര്യമുണ്ടായിരുന്ന അവൻ സുറിയാനിയിൽ മാസ്റ്റേഴ്സ് എടുത്തു. അതിനിടയിൽ തന്നെ സഭയുടെ എല്ലാ കാര്യങ്ങളും എല്ലാ പ്രാർത്ഥന രീതികളും മുറകളും എല്ലാം വശമാക്കി. അവന്റെ സെമിനാരിയിലെ എല്ലാ ചിലവുകളും പഠന ചിലവുകളും എല്ലാം അഭിമാനികളായിരുന്ന ആ കുടുംബക്കാർ തന്നെ നിറവേറ്റി.

മൂന്നാൺമക്കളും ഒരു മകളും ഉള്ള ഒരു കുടുംബമാണത്. ഈ കാലഘട്ടത്തിനിടയിൽ മൂത്ത രണ്ടാൺമക്കളുടേയും ഇളയ മകളുടേയും വിവാഹം കഴിഞ്ഞു. പത്രോസ് ഇത്രയും പഠിച്ചെങ്കിലും ശെമ്മാശ്ശപട്ടം പോലും സ്വീകരിച്ചിരുന്നില്ല. എന്നാൽ മാസ്റ്റേഴ്സ് കൂടെ കഴിഞ്ഞപ്പോൾ ഒരു തീരുമാനം എടുക്കേണ്ട സമയമായി. സഭയിലെ വഴക്കും കലഹവും കാരണം എന്താണ് ചെയ്യേണ്ടതെന്നറിയാതിരിക്കുകയായിരുന്നു.

അവസാനം ശെമ്മാശപട്ടം സ്വീകരിച്ചെങ്കിലും ഉടനെ തന്നെ ഗൃഹസ്ഥാസനം സ്വീകരിക്കാനാണ് ഉദ്ദേശിച്ചത്. യാതൊരു കാരണവശാലും ദയറാ പട്ടക്കാരനാകാനോ, മേല്പട്ടസ്ഥാനമോഹിയുമായി മാറാൻ തീരെ ആഗ്രഹിച്ചില്ല. അയാൾ ഈ കാലഘട്ടത്തിനിടയിൽ പഠിച്ചു മനസ്സിലാക്കിയത്: ഈ സഭയിൽ ഈ കലഹത്തിനെല്ലാം കാരണക്കാർ സാധാരണ ജനങ്ങളോ, പാവം പിടിച്ച പട്ടക്കാരോ അല്ലന്നതായിരുന്നു. എന്നാൽ അയാളുടെ ജീവിത ശുദ്ധിയും പഠനസാമർത്ഥ്യവുമെല്ലാം കണ്ട വന്നിരുന്ന അയാളുടെ ഇടവക ജനങ്ങൾ കരുതിയത് അയാൾ തീർച്ചയായും ഒരു മെത്രാനച്ചൻ ആയിതീരും ഭാവിയിലെന്നാണു. പട്ടമേൽക്കാൻ പോലും സത്യത്തിൽ അയാൾ തയാറല്ലായിരുന്നു, സഭയുടെ ഗതിവിഗതം അയാളെ ബോധവൽക്കരിച്ചത്. വളരെയധികം ചിന്തിച്ചശേഷം ആണ് അയാൾ എല്ലാ തീരുമാനങ്ങളും എടുത്തത്. "താനും തന്നോളമായാൽ തന്നേപോലെ കരുതണമെന്ന് വീട്ടിലുള്ളവരും തീരുമാനിച്ചു. കൂടപിറപ്പുകൾക്കെല്ലാം അയാളെക്കുറിച്ച് വളരെ പ്രതീക്ഷകൾ ഉണ്ടായിരുന്നു. മെത്രാച്ചൻ പോലും അയാളെ ഉപദേശിച്ചു നോക്കി.

സൂക്ഷത്തിന് ആ സമയത്ത് അമേരിക്കയിൽ നേഴ്സായി ജോലി ചെയ്യുന്നതും ആ ഗ്രാമത്തിലെ തന്നെ വലിയ ഒരു ബംഗ്ലാവിൽ താമസിക്കുന്ന അന്നക്കുട്ടി അവധിക്ക് വന്നതു്. അവിവാഹിതയായ അവൾ ഒരു വിവാഹം കഴിക്കാനും കൂടിയാണ് നാട്ടിൽ വന്നത്. സത്യത്തിൽ വളരെ ചെറിയ ഒരു വീട്ടിലായിരുന്നു അവർ താമസിച്ചിരുന്നത്. മകൾ അമേരിക്കയിൽ ചെന്ന് പണം അയച്ചു കൊടുത്താണ് ആധുനീകരീതിയിലുള്ള ആ ഭവനം നിർമ്മിച്ചത്. അതുകൊണ്ട് ആ വീട്ടുകാർക്ക് പൊതുവെ വളരെ താഴായ്മയുണ്ടായിരുന്നു. ദീർഘകാലം അമേരിക്കയിൽ താമസിച്ച ശേഷം മകൾ നാട്ടിൽ വന്നതാണ്. അമേരിക്കയിൽ പോയശേഷം അവൾ ആദ്യമായാണ് നാട്ടിൽ വന്നത്.

നമ്മുടെ പത്രോസ് ശെമ്മാശ്ശനെ ഒറ്റ നോട്ടത്തിൽ തന്നെ അവൾക്കിഷ്ടമായി. ആയാളെ കണ്ടാൽ ആരും, ഏതു പെൺകുട്ടിയും ഇഷ്ടമാകും. അവൾ നാട്ടിൽ വന്ന ആദ്യ ഞായറാഴ്ച ആരാധനയ്ക്കു ശേഷമുണ്ടായ പത്രോസ് ശെമ്മാശ്ശന്റെ വചന ശുശ്രൂഷയിലും അവൾ വളരെ ആകൃഷ്ടയായി. അവളെ കണ്ടാലും സുന്ദരി. പോരത്തതിന് ഈ ലോകത്തിലെ സ്വർഗ്ഗമെന്ന് കേരളത്തലുള്ളവർ വിശ്വസിക്കുന്ന അമേരിക്കയിൽ ചെന്നു പറ്റാൻ സാധിക്കുക.

പിന്നീടെല്ലാം പെട്ടെന്നായിരുന്നു. ഉറപ്പിക്കലും വിവാഹവും എല്ലാം പെട്ടെന്ന് കഴിഞ്ഞു. വിവാഹം കഴിഞ്ഞ് വെറും മൂന്നു ദിവസം കഴിഞ്ഞ് അവൾക്ക് മടങ്ങേണ്ടതുണ്ടായിരുന്നതു മൂലം ആ ദിവസങ്ങളിൽ ഭാര്യാഭർത്തൃ ബന്ധത്തിന് അവൾ തയാറല്ലായിരുന്നു. അയാളും ഒന്നിനും തിരിക്കു കൂട്ടിയില്ല. അവൾ മടങ്ങി വലിയ താമസം കൂടാതെ അയാൾ പട്ടക്കാരനായി. ഏകദേശം രണ്ടര മാസം കഴിഞ്ഞപ്പോൾ അയാളും അമേരിക്കയിൽ ചെന്നു. അയാൾ ഒരു ശനിയാഴ്ച ഉച്ചനേരത്തായിരുന്നു അ വിടെ ചെന്നത്.

അവൾ താമസിക്കുന്നിടത്തു നിന്നും രണ്ടു മണിക്കൂർ കാറിൽ യാത്ര ചെയ്താൽ മാത്രമേ പള്ളിയിൽ ചെന്നെത്താൻ സാധിക്കുന്നുണ്ടായിരുന്നുള്ളു. തന്മൂലം വിവാഹത്തിന് മുൻപ് അവൾ പള്ളിയിൽ അശേഷം പോയിരുന്നില്ല. അവളുടെ ഭർത്താവ് ഒരച്ചനാണെന്ന് അവിടെയുള്ളവർ അറിഞ്ഞതു മൂലം പത്രോസച്ചൻ വന്നപ്പോൾ അയാളെ സ്വീകരിക്കാൻ അവിടുത്തെ വികാരിയച്ചനും വിമാനത്താവളത്തിൽ പോയിരുന്നു. അദ്ദേഹം റിലിജിയസ് വിസായിൽ അവിടെ വന്നിട്ട് കാലം തികഞ്ഞ് മടങ്ങാനിരിക്കുന്ന സമയത്തിനടുത്താണ് ഈ കൊച്ചച്ചൻ അവിടെ എത്തിയിത്.അടുത്ത ദിവസം ആ പള്ളിയിലെ ആരാധന നമ്മുടെ കൊച്ചച്ചൻ നിറവേറ്റാമെന്ന് സമ്മതിച്ചു. അതിന്റെ ഒരുക്ക ഭാഗമായി അന്നു രാത്രിയിലും അവർക്ക് രമിക്കാൻ സാധിച്ചില്ല. കൊച്ചച്ചന്റെ ആരാധന വളരെ ഹൃദ്യവും ജനങ്ങൾക്കെല്ലാം വളരെ ഇഷ്ടവുമായി.

നാട്ടിൽ നിന്നുള്ള യാത്ര, ഇന്നത്തെ ആരാധന എല്ലാം മൂലം അന്നും ക്ഷീണിതനായി പത്രോസ് ഉറങ്ങിപ്പോയി. ഇത്രയും നാൾ എല്ലാ ദിവസവും രണ്ടും മൂന്നും ജോലിചെയ്തിരുന്ന അവൾ ഒരാഴ്ച അവധിയെടുത്തു. തിങ്കളാഴ്ച രാത്രിയായിരുന്നു അവരുടെ യഥാർത്ഥ ആദ്യരാത്രി. അയാളെകണ്ടതു പോലെയല്ല കൊണ്ടപ്പാൾ എന്നവൾക്ക് മനസ്സിലായി. ഇനിയും എല്ലാം അയാളെ പഠിപ്പിച്ചു കൊടുക്കണം. ഒരാഴ്ച മുഴുവനും എല്ലാ വിധത്തിലും അവൾ പരിശ്രമിച്ചിട്ടും യാതൊരു ഫലവുമില്ലാതായി. അവസാനം അവർ രണ്ടു മുറിയിൽ രണ്ടു കട്ടിലുകളിൽ കിടക്കാൻ തുടങ്ങി.

ഏകദേശം രണ്ടാഴ്ച അങ്ങിനെ കഴിഞ്ഞപ്പോൾ ആ പള്ളിയിലെ വികാരിയച്ചൻനാട്ടിൽപോകാൻനിബ്ന്ധിതനായി. പത്രോസച്ചൻവികാരിയായി ചുമതലയേറ്റു. അതോടൊപ്പം പള്ളിയുടെ മുമ്പിലുള്ള പാഴ്സനേജിൽ താമസവുമായി. അദ്ദേഹം ജോസഫച്ചനോട് പറഞ്ഞത്" അച്ചാ ഞാൻ നമ്മുടെ സഭയിലെ പട്ടത്വം സ്വീകരിച്ച ഒരാൾ ഈ അമേരിക്കൻ രിതിയിൽ ഭാര്യാഭർത്തൃബന്ധത്തിൽ ജീവിക്കാൻ പറ്റത്തില്ല; അവളാഗ്രഹിക്കുന്നതുപോലെ.